ഉത്തരം

(എ) ക്ഷയം, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരെ വാക്സിനേഷൻ നടത്തുന്നുണ്ട്.

(ബി) ഹെപ്പറ്റിറ്റിസ് ബി, ന്യൂമോണിയ, ചിക്കൻപോക്സ് മുതലായവ നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെടുത്തിയിട്ടില്ല. ഹെപ്പറ്റിറ്റിസ് ബി പ്രതിരോധകുത്തിവയ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ന്യൂമോണിയ, ചിക്കൻപോക്സ് എന്നീ രോഗങ്ങൾക്കെതിരെയുള്ള വാക്സിനേഷൻ സൗജന്യമായി നൽകാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ ഏറ്റുമുട്ടൽ ആവർത്തിക്കാതിരിക്കാൻ നടപടി

136(878)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർമാർ തമ്മിൽ ഏറ്റുമുട്ടുകയും തുടർന്ന് ഓപ്പറേഷൻ മുടങ്ങിയതുമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ ഏതാനും ജൂനിയർ ഡോക്ടർമാർ രോഗികളെയും രോഗികളുടെ കൂട്ടിരിപ്പുകാരെയും തല്ലുന്നതും ഡോക്ടർമാർ തമ്മിൽ തല്ലുന്നതുമായ സംഭവങ്ങൾ ആവർത്തിക്കുന്നത് ഗൗരവമായി പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7.2.2000-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർമാർ തമ്മിൽ ആശുപത്രി അന്തരീക്ഷത്തിന് യോജിക്കാത്ത തരത്തിൽ പെരുമാറിയ സംഭവം ഉണ്ടായിട്ടുണ്ട്. എന്നാൽ ഓപ്പറേഷനുകളൊന്നും മുടങ്ങിയിട്ടില്ല.

(ബി) അത്തരം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായപ്പോഴെല്ലാം തന്നെ കർശനമായ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 7.2.2000-ന് നടന്ന സംഭവത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ഈ അസുഖകരമായ സംഭവത്തിനുത്തരവാദിയായ ഡോക്ടറെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൗസ് സർജൻസി തുടർന്ന് ചെയ്യാൻ അനുവദിക്കേണ്ടതില്ലെന്നും മേലിൽ സംസ്ഥാനത്തിന് പുറത്ത് നിന്ന് മെഡിക്കൽ ബിരുദമെടുക്കുന്നവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൗസ് സർജൻസി ചെയ്യാൻ അനുവദിക്കേണ്ടതില്ല എന്നും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly